Newspaper : Madhyamam
Date : 03.09.2026

മാധ്യമം

# ജലജീവികളെ ജലമില്ലാതെ കൊണ്ടുപോകാൻ സാങ്കേതിക വിദ്യ; ഐ.സി.എ.ആർ-സിഫ്റ്റിന് ഇന്ത്യൻ പേറ്റന്റ്

**കൊച്ചി:** മത്സ്യങ്ങളും ചെമ്മീനുകളും ഉൾപ്പെടെ ജലജീവികളെ ജലമില്ലാതെ ജീവനോടെ കൊണ്ടുപോകാനുള്ള നൂതന സാങ്കേതികവിദ്യ വികസിപ്പിച്ച് കൊച്ചിയിലെ ഐ.സി.എ.ആർ-സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (ഐ.സി.എ.ആർ-സിഫ്റ്റ്). ഈ സാങ്കേതികവിദ്യക്ക് ഇന്ത്യൻ പേറ്റന്റും ലഭിച്ചു.

പരമ്പരാഗത ജലാധിഷ്ഠിത ഗതാഗത സംവിധാനങ്ങൾക്കും നിലവിലെ ജലരഹിത ഗതാഗത സംവിധാനങ്ങൾക്കും ബദലായി ഉപയോഗിക്കാവുന്ന സാങ്കേതികവിദ്യയാണിത്.

'ജലജീവികളെ ജലരഹിതമായി ജീവനോടെ കൊണ്ടുപോകാനുള്ള സംവിധാനവും അനുബന്ധ രീതിയും' എന്ന പേരിലുള്ള ഈ സാങ്കേതികവിദ്യ, ജലജീവികളെ ജീവനോടെ കൊണ്ടുപോകുന്ന പരമ്പരാഗത രീതികളിലെ വിവിധ വെല്ലുവിളികൾക്ക് പരിഹാരമാകും.

കുറഞ്ഞ ചെലവിലും വൈദ്യുതി ഉപയോഗത്തിലും ജലജീവികളെ ജീവനോടെ കൊണ്ടുപോകാൻ കഴിയുന്ന, സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമാണ് പുതിയ സാങ്കേതികവിദ്യ.

നിയന്ത്രിതമായ ഉയർന്ന മർദവും താഴ്ന്ന താപനിലയും ഉപയോഗിച്ചാണ് സംവിധാനം പ്രവർത്തിക്കുന്നത്.

സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ. യു. പാർവതി, ഡോ. ബി. മധുസൂദന റാവു, ഡോ. എസ്. മുരളി, ഡോ. പി.കെ. ബിൻസി, ഡോ. കെ. സതീഷ് കുമാർ, വിഷ്ണു ആർ. നായർ, ടി. ജിതിൻ ജോയ് എന്നിവരാണ് സാങ്കേതിക വിദ്യ വികസിപ്പിച്ചത്.